# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 7 — 04.06.2018 — ൽ മറുപടിക്ക്

# പൊതുവിതരണ മേഖലയിൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, എം. സ്വരാജ്<br>,, എൻ. വിജയൻ പിള്ള : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതു വിതരണ രംഗം അഴിമതിവിമുക്തമാക്കുന്നതിനും സുതാര്യതയും കൃത്യതയും ഉറപ്പു വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. ഇ-പോസ് വഴിയുള്ള റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒട്ടാകെ 24 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്യുകയും 60 റേഷൻ കടകളുടെ ജാമ്യ സംഖ്യ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. |
| (ബി) റേഷൻ കടകളുടെ നവീകരണത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കടയുടമകൾക്ക് ന്യായമായ പ്രതിഫലം ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇതര/നോൺ മാവേലി സാധനങ്ങൾ തിരഞ്ഞെടുത്ത റേഷൻകടകൾ വഴി വിൽക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം മേയ് മാസം 18-ാം തീയതി കണ്ണൂരിൽ വച്ച് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു.

സർക്കാരിന്റെ 10.11.17-ലെ സ.ഉ(കൈ)നം. 29/2017/ഭ.പൊ.വി.വ പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 220/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പൊതുവിതരണ സമ്പ്രദായം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് നടത്തി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. |
| (ഡി) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച ഭക്ഷ്യധാന്യ വിഹിതം പുന:സ്ഥാപിച്ചു കിട്ടുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം സംസ്ഥാനത്തിന് അപര്യാപ്തമായതിനാൽ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി. മാരുടെ യോഗത്തിലും ഗവർണ്ണർമാരുടെ യോഗത്തിലും, കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം അനുകൂലമായ നടപടികൾ ആയതിന്മേൽ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15.05.2018-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം — സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പുവരുത്തിക്കൊണ്ടുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.29/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 10.11.2017

പരാമർശം :- 1) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശ
2) 31.05.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പരാമർശം (1) പ്രകാരം ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) ആയി ചേർന്ന യോഗം കമ്മിറ്റി ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ശുപാർശകളുടെ വെളിച്ചത്തിൽ യോഗം ചില പ്രാഥമിക നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു.

2) പരാമർശങ്ങളിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ നിർദ്ദേശപ്രകാരം 45 ക്വിൻറൽ എങ്കിലും വിൽക്കുന്നവർക്ക് കുറഞ്ഞ കമ്മീഷൻ പ്രതിമാസം 16,000/- രൂപ ആയി നിജപ്പെടുത്തിക്കൊണ്ടും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി താഴെ പറയുന്ന നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പാക്കേജിൽ മിനിമം കമ്മീഷനായി നിശ്ചയിച്ചിരിക്കുന്ന 16000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിൻറൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്.

2) റേഷൻവ്യാപാരിക്ക് ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നത് വിറ്റഴിക്കുന്ന ഭക്ഷ്യധാന്യത്തിൻെറ അളവിനെ അടിസ്ഥാനമാക്കിയായിരിക്കും.

3) ഇ-പോസ് മുഖേനയുള്ള വിപണനത്തിന് പരാമർശം (1) പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കമ്മിറ്റി ശുപാർശ ചെയ്ത ട്രാൻസാക്ഷൻ നിരക്കും വിൽക്കുന്ന ഭക്ഷ്യധാന്യത്തിന് ശുപാർശ ചെയ്ത കമ്മീഷൻനിരക്കും ഏകോപിപ്പിച്ച് 220രൂപ/ക്വിൻറൽ എന്ന നിരക്കിലായിരിക്കും വ്യാപാരിക്ക് ലഭ്യമാകുക.

4) 45 ക്വിന്റലോ അതിൽ കുറവോ റിക്വയർമെൻറുള്ള വ്യാപാരിക്ക് വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് 220രൂപ/ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപയും നിബന്ധന (9) ലെ ഏകീകരണം പൂർത്തിയാകുന്നത് വരെ ലഭിക്കുന്നതാണ്.

5) 45 ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യം റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ 16000/- രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിനാവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്.

6) 73 ക്വിൻറലോ അതിലധികമോ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിൻറലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭ്യമാകുന്നതാണ്. എന്നാൽ ഇവർക്ക് സപ്പോർട്ടീവ് പേയ്മെൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) 100% ഓഫ്ടേക്ക് കൈവരിക്കാത്തവർക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിൽ ആനുപാതികമായ കുറവുണ്ടാകുന്നതാണ്.

8) ഓരോ റേഷൻകടയിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിപണനം ആരംഭിക്കുന്നത് മുതലായിരിക്കും വ്യാപാരികൾക്ക് മേൽനിരക്കിലെ കമ്മീഷന് അർഹതയുണ്ടാവുക. ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതു വരെ 100/- രൂപ / ക്വിന്റൽ എന്ന കമ്മീഷൻ നിരക്ക് തുടരുന്നതാണ്.

9) വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി, വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനും കുറവുണ്ടാകുന്നത് പരിഹരിയ്ക്കാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കും. അതുവരെ ആകും സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകുക.

3) പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന അന്നു മുതൽ കൈകാര്യ ചെലവ് ഈടാക്കേണ്ടതാണ്. ഇതിനും പുറമേ ആവശ്യമായി വരുന്ന 44.99 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
6. ധനകാര്യവകുപ്പ് (vide U.O No.Agri-A1/40/2017-Fin dated 12.04.2017)
7. പൊതുഭരണ (എസ്.സി)വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഭക്ഷ്യപൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ